ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE: 18.10.2025 പ്രധാന വാർത്തകൾ TIME : 12.50 PM

1. ഇന്ത്യയെ ഉത്തരവാദിത്തവും വിശ്വാസയോഗ്യവുമായ പങ്കാളിയായാണ് ഇന്ന് ലോകം കാണുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി; മാവോയിസ്റ്റ് ഭീകരതയിൽ നിന്ന് രാജ്യം വൈകാതെ മുക്തമാകുമെന്നും പ്രധാനമന്ത്രി.

   **Prime Minister Narendra Modi said that the world today sees India as a responsible and reliable partner; the country will soon be free from Maoist terrorism.**

2. ലഖ്നൗ ബ്രഹ്മോസ് എയ്റോസ്പേസ് കേന്ദ്രത്തിൽ നിർമ്മിച്ച ബ്രഹ്മോസ് മിസൈലുകളുടെ ആദ്യ ബാച്ച് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ്ങും യു.പി മുഖ്യമന്ത്രി യോഗി ആദിത്യനാഥും ചേർന്ന് ഫ്ലാഗ് ഓഫ് ചെയ്തു.

   **The first batch of Brahmos missiles manufactured at the Lucknow Brahmos Aerospace Centre was flagged off by Defence Minister Rajnath Singh and UP Chief Minister Yogi Adityanath.**

3. ബിഹാറിൽ നിയമസഭാ തെരഞ്ഞെടുപ്പിന്റെ ആദ്യഘട്ടത്തിലേക്ക് സമർപ്പിച്ച നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന ഇന്ന്; ആദ്യഘട്ട വോട്ടെടുപ്പ് നവംബർ 6 ന്.

Scrutiny of nomination papers filed for the first phase of assembly elections in Bihar today; first phase of voting on November 6.

4. അഫ്ഗാനിസ്ഥാനിൽ, പാകിസ്ഥാൻ നടത്തിയ വ്യോമാക്രമണത്തിൽ പത്ത് പേർ കൊല്ലപ്പെട്ടു.

   Ten people were killed in an airstrike by Pakistan in Afghanistan.

5. കേരളത്തിൽ ഇടിമിന്നലോട് കൂടിയ ശക്തമായ മഴ തുടരും; വിവിധ അണക്കെട്ടുകളിൽ ജാഗ്രതാ നിർദേശം; കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഈ മാസം 21 വരെ മത്സ്യബന്ധനത്തിന് വിലക്ക്.

   Heavy rains with thunderstorms to continue in Kerala; alert issued at various dams; fishing banned off Kerala, Karnataka and Lakshadweep coasts till 21st of this month.

6. മലേഷ്യയിൽ നടക്കുന്ന സുൽത്താൻ ഓഫ് ജോഹർ കപ്പ് പുരുഷ ജൂനിയർ ഹോക്കി ഫൈനലിൽ ഇന്ത്യ ഇന്ന് ഓസ്ട്രേലിയയെ നേരിടും.

   India will face Australia today in the Sultan of Johor Cup men's junior hockey final in Malaysia.

❁❁❁❁❁❁❁❁❁❁❁❁❁

**REV-PM-SUMMIT-1**

ഇന്ത്യയെ ഉത്തരവാദിത്തവും വിശ്വാസയോഗ്യവുമായ പങ്കാളിയായാണ് ഇന്ന് ലോകം കാണുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ന്യൂഡൽഹിയിൽ സ്വകാര്യ മാധ്യമ സ്ഥാപനം സംഘടിപ്പിച്ച ലോക ഉച്ചകോടിയെ അഭിസംബോധന

ചെയ്യുകയായിരുന്നു അദ്ദേഹം. ഇലക്ട്രോണിക്സ് മുതൽ മരുന്ന് നിർമ്മാണം വരെയും ഓട്ടോമൊബൈൽ മുതൽ ഫോൺ നിർമ്മാണം വരെയും രാജ്യത്തേക്ക് നിക്ഷേപം ഒഴുകുകയാണെന്ന് ശ്രീ നരേന്ദ്രമോദി പറഞ്ഞു. ഈ നിക്ഷേപങ്ങൾ ആഗോള വിതരണ ശൃംഖലയുടെ കേന്ദ്ര ബിന്ദുവായി രാജ്യത്തെ മാറ്റും. ബ്രിട്ടീഷ് പ്രധാനമന്ത്രി അടുത്തിടെ നടത്തിയ ഇന്ത്യാ സന്ദർശനവും ശ്രീ മോദി ഓർമ്മിപ്പിച്ചു. ജി - 7 രാജ്യങ്ങളുമായി ഇന്ത്യയുടെ വ്യാപാരം 60 ശതമാനത്തിലധികം വർധിച്ചിട്ടുണ്ട്. ഭീകരാക്രമണം ഉണ്ടായാൽ കൃത്യമായ തിരിച്ചടി രാജ്യം നൽകുന്നുണ്ടെന്നും പ്രധാനമന്ത്രി വ്യക്തമാക്കി.

********************

## PM SUMMIT-2 (INTRO)

മാവോയിസ്റ്റ് ഭീകരതയെ നേരിടുന്നതിൽ രാജ്യം വലിയ മുന്നേറ്റം കൈവരിച്ചെന്നും പ്രധാനമന്ത്രി പറഞ്ഞു. വഴിതെറ്റിയ യുവത്വത്തെ മുഖ്യധാരയിലെത്തിക്കാൻ 2014 മുതൽ തന്റെ സർക്കാർ ശ്രമിക്കുകയാണ്. മാവോയിസ്റ്റ് ഭീകരതയിൽ നിന്ന് രാജ്യം വൈകാതെ മുക്തമാകുമെന്ന് പ്രധാനമന്ത്രി പറഞ്ഞു. 11 വർഷം മുമ്പ് രാജ്യത്തെ 125 ജില്ലകളിൽ മാവോയിസ്റ്റ് ഭീകരത നിലനിന്നിരുന്നെങ്കിൽ ഇന്ന്, അത് കേവലം 11 ജില്ലകളിൽ മാത്രമായി കുറഞ്ഞിട്ടുണ്ട്. ഇതിൽ മൂന്നെണ്ണത്തിൽ മാത്രമാണ് ശക്തമായ മാവോയിസ്റ്റ് പ്രവർത്തനമുള്ളതെന്നും പ്രധാനമന്ത്രി അറിയിച്ചു.

(വോയിസ്)

********************

## RAJNATH BRAHMOS-UP

ലഖ്നൗവിലെ ബ്രഹ്മോസ് എയ്റോസ്പേസ് കേന്ദ്രത്തിൽ നിർമ്മിച്ച ബ്രഹ്മോസ് മിസൈലുകളുടെ ആദ്യ ബാച്ച് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ്ങും യു.പി മുഖ്യമന്ത്രി യോഗി ആദിത്യനാഥും ചേർന്ന് ഇന്ന് ഫ്ലാഗ് ഓഫ് ചെയ്തു. ലഖ്നൗ ബ്രഹ്മോസ് യൂണിറ്റിൽ മിസൈൽ സംവിധാന നിർമ്മാണം

മുതൽ അന്തിമ പരീക്ഷണം വരെയുള്ള മുഴുവൻ പ്രക്രിയയും തദ്ദേശീയമായാണ് നടത്തിയത്.

********************

## BIHAR-SCRUTINY

ബിഹാറിൽ നിയമസഭാ തെരഞ്ഞെടുപ്പിന്റെ ആദ്യഘട്ടത്തിലേക്ക് സമർപ്പിച്ച നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന ഇന്ന്. നവംബർ 6 ന് 18 ജില്ലകളിലെ 121 മണ്ഡലങ്ങളിലാണ് തെരഞ്ഞെടുപ്പ് നടക്കുന്നത്. ആദ്യഘട്ടത്തിലേക്ക് 1,698 നാമനിർദ്ദേശ പത്രികകളാണ് സമർപ്പിച്ചിട്ടുള്ളത്. തിങ്കളാഴ്ച വരെ പത്രികകൾ പിൻവലിക്കാനാകും. രണ്ടാം ഘട്ടത്തിലേക്ക് ഇതുവരെ 200 നാമനിർദ്ദേശ പത്രികകൾ സമർപ്പിച്ചിട്ടുണ്ട്. നവംബർ 11 ന് 20 ജില്ലകളിലെ 122 മണ്ഡലങ്ങളിലാണ് തെരഞ്ഞെടുപ്പ് നടക്കുക. വിവിധ രാഷ്ട്രീയ കക്ഷികൾ തെരഞ്ഞെടുപ്പ് പ്രചാരണം ആരംഭിച്ചിട്ടുണ്ട്.

********************

## MOZAMBIQUE-BOAT-MISHAP

കിഴക്കൻ ആഫ്രിക്കൻ രാജ്യമായ മൊസംബിക്കിൽ ബെയ്റ തുറമുഖ തീരത്ത് കപ്പലിലേക്ക് ജീവനക്കാരെ എത്തിക്കാൻ പോയ ബോട്ട് മറിഞ്ഞ് മൂന്ന് ഇന്ത്യക്കാർ മരിച്ചു. 5 പേരെ കാണാതായി. കഴിഞ്ഞ ദിവസമായിരുന്നു അപകടം. ബോട്ടിലുണ്ടായിരുന്ന 14 ഇന്ത്യാക്കാരിൽ അഞ്ച് പേരെ രക്ഷപ്പെടുത്തി. കാണാതായവർക്കായി തെരച്ചിൽ തുടരുന്നതായി ഇന്ത്യൻ ഹൈകമ്മീഷൻ അറിയിച്ചു.

********************

## PM-DHANTERAS

ധൻതേരസ് ദിനത്തിൽ ജനങ്ങൾക്ക് ആശംസ നേർന്ന് പ്രധാനമന്ത്രി നരേന്ദ്രമോദിയും കേന്ദ്രആഭ്യന്തര മന്ത്രി അമിത്ഷായും. എല്ലാവർക്കും ധന്വന്തരി ഭഗവാന്റെ അനുഗ്രഹം ഉണ്ടാകട്ടെയെന്ന് സാമൂഹ്യമാധ്യമ പോസ്റ്റിൽ പ്രധാനമന്ത്രി കുറിച്ചു. ജനങ്ങളുടെ സന്തോഷത്തിനും ഐശ്വര്യത്തിനും ആരോഗ്യത്തിനുമായി പ്രാർത്ഥിക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു.

********************

## SHAH-KATI-BIHU

കടി ബിഹു ആഘോഷത്തോടനുബന്ധിച്ച് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ അസമിലെ ജനങ്ങൾക്ക് ആശംസ നേർന്നു. എല്ലാവരുടെയും ജീവിതത്തിൽ സന്തോഷവും സമൃദ്ധിയും ഉണ്ടാകട്ടെയെന്ന് അദ്ദേഹം സാമൂഹ്യ മാധ്യമത്തിൽ കുറിച്ചു.

********************

## PM-SRI LANKA+PM-EGYPT FM

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്നലെ ശ്രീലങ്കൻ പ്രധാനമന്ത്രി ഹരിണി അമരസൂര്യയുമായും ഈജിപ്ഷ്യൻ വിദേശകാര്യ മന്ത്രി ബദർ അബ്ദലട്ടിയുമായും കൂടിക്കാഴ്ച നടത്തി. ഹരിണി അമരസൂര്യയുടെ സന്ദർശനം ഇന്ത്യ-ശ്രീലങ്ക ബന്ധം കൂടുതൽ ശക്തമാക്കുമെന്ന് പ്രധാനമന്ത്രി പറഞ്ഞു. ഈജിപ്തുമായി വിവിധ മേഖലകളിലെ ഉഭയകക്ഷി സഹകരണത്തിൽ കൈവരിക്കുന്ന പുരോഗതിയിൽ പ്രധാനമന്ത്രി സംതൃപ്തി പ്രകടിപ്പിച്ചു.

********************

## MAAN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്ത് ഈ മാസം 26ന്. പരിപാടിയുടെ 127-ാാം പതിപ്പാണിത്. മൻ കി ബാത്തിലേക്കുള്ള ആശയങ്ങളും, അഭിപ്രായങ്ങളും 1800-11-7800 എന്ന ടോൾഫ്രീ നമ്പരിലൂടെയും, നരേന്ദ്രമോദി ആപ്പ്, MyGov ഓപ്പൺ ഫോറം എന്നിവയിലൂടെയും ഈ മാസം 24 വരെ പങ്കുവയ്ക്കാം.

********************

## PIB FACT CHECK- AI VIDEO

പാക്കിസ്ഥാനെതിരെ പ്രവർത്തിക്കാൻ അഫ്ഗാൻ-താലിബാന് പണം നൽകിയതായി വെസ്റ്റേൺ കമാൻഡ് ചീഫ് ലെഫ്റ്റനന്റ് ജനറൽ മനോജ് കുമാർ കത്യാർ അവകാശപ്പെടുന്നെന്ന തരത്തിൽ പ്രചരിക്കുന്ന വീഡിയോ വ്യാജമെന്ന് കേന്ദ്ര സർക്കാർ. വീഡിയോ വ്യാജമായി നിർമ്മിച്ചതാണെന്ന് പ്രസ് ഇൻഫർമേഷൻ ബ്യൂറോയുടെ ഫാക്ട് ചെക്ക് വിഭാഗം അറിയിച്ചു.

ഇത്തരത്തിൽ എ.ഐ നിർമ്മിത വ്യാജ വീഡിയോകൾക്കെതിരെ ജാഗ്രത പുലർത്തണമെന്ന് പി.ഐ.ബി ഫാക്ട് ചെക്ക് മുന്നറിയിപ്പ് നൽകി.

********************

## PRESIDENT - KERALA VISIT

നാലു ദിവസത്തെ സന്ദർശനത്തിനായി രാഷ്ട്രപതി ദ്രൗപദി മുർമു ഈ മാസം 21-ന് കേരളത്തിലെത്തും. 22 നാണ് ശബരിമല ദർശനം. 23 ന് രാവിലെ രാജ്ഭവൻ അങ്കണത്തിൽ മുൻ രാഷ്ട്രപതി കെ.ആർ. നാരായണന്റെ അർധകായ പ്രതിമ ശ്രീമതി മുർമു അനാച്ഛാദനം ചെയ്യും. ശിവഗിരിയിൽ നടക്കുന്ന ശ്രീനാരായണ ഗുരു മഹാസമാധി ശതാബ്ദി ആചരണത്തിലും രാഷ്ട്രപതി മുഖ്യാതിഥിയാകും. പാലാ സെന്റ് തോമസ് കോളജിലും എറണാകുളം സെന്റ് തെരേസാസ് കോളജിലും വിവിധ പരിപാടികളിൽ രാഷ്ട്രപതി പങ്കെടുക്കും.

********************

## GST REACTION (INTRO)

പുതുക്കിയ ജി.എസ്.ടി പരിഷ്കാരങ്ങൾ വിവിധ മേഖലകളിൽ ഗുണകരമായ മാറ്റങ്ങൾ കൊണ്ടുവരികയാണെന്നാണ് വിലയിരുത്തൽ. ഇൻഷുറൻസ് രംഗത്തെ ജി എസ് ടി പരിഷ്കരണം ഏറെ പ്രയോജനകരമാണെന്നും വ്യാപാര മേഖലകളിലും ഉണർവുണ്ടായിട്ടുണ്ടെന്നും കോഴിക്കോട് സ്വദേശിയായ ആർ ജയന്ത് കുമാർ ആകാശവാണി വാർത്തകളോട് പറഞ്ഞു....

(വോയിസ്)

********************

## RAIN - KERALA

കേരളത്തിൽ ഇടിമിന്നലോട് കൂടിയ ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇന്ന് ഒൻപത് ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. മോശം കാലാവസ്ഥ കണക്കിലെടുത്ത് കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഈ മാസം 21 വരെ

മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി. വിവിധ അണക്കെട്ടുകളിൽ ജാഗ്രതാ നിർദേശം നൽകിയിട്ടുണ്ട്.

********************

## AFGHANISTAN- PAK AIR STRIKE

അഫ്ഗാനിസ്ഥാനിലെ അതിർത്തി പ്രവിശ്യയായ പക്തികയിൽ പാകിസ്ഥാൻ നടത്തിയ വ്യോമാക്രമണത്തിൽ പത്ത് പേർ കൊല്ലപ്പെട്ടു. 12-ൽ അധികം പേർക്ക് പരിക്കേറ്റു. അതിർത്തിയിൽ രണ്ട് ദിവസത്തെ വെടിനിർത്തൽ കരാർ നിലനിൽക്കെയാണ് ആക്രമണം. മരിച്ചവരിൽ മൂന്ന് പ്രാദേശിക ക്രിക്കറ്റ് കളിക്കാരും ഉൾപ്പെടുന്നു. ഇതോടെ അടുത്ത മാസം നടക്കാനിരിക്കുന്ന പാകിസ്ഥാനും ശ്രീലങ്കയും ഉൾപ്പെടുന്ന ത്രിരാഷ്ട്ര ക്രിക്കറ്റ് പരമ്പരയിൽ നിന്ന് അഫ്ഗാനിസ്ഥാൻ പിന്മാറി.

********************

## SULTAN JOHAR CUP

മലേഷ്യയിൽ നടക്കുന്ന സുൽത്താൻ ഓഫ് ജോഹർ കപ്പ് പുരുഷ ജൂനിയർ ഹോക്കി ഫൈനലിൽ ഇന്ത്യ ഇന്ന് ഓസ്ട്രേലിയയെ നേരിടും. ഇന്നലെ നടന്ന മത്സരത്തിൽ ഇന്ത്യ മലേഷ്യയെ 2-1 ന് തോൽപ്പിച്ചിരുന്നു.

********************

## BSNL-DIWALI OFFER

രാജ്യത്തുടനീളമുള്ള പുതിയ ഉപഭോക്താക്കൾക്കായി ഒരു രൂപയുടെ ദീപാവലി 4-G പ്ലാൻ അവതരിപ്പിച്ച് ബിഎസ്എൻഎൽ. അടുത്ത മാസം 15 വരെയാണ് ഓഫർ. പരിധിയില്ലാത്ത കോളുകൾ, പ്രതിദിനം 2 GB ഡാറ്റയും, 100 എസ്എംഎസുകളും ഉൾപ്പെടെ 30 ദിവസത്തെ സൗജന്യ മൊബൈൽ സേവനങ്ങളാണ് ബിഎസ്എൻഎൽ വാഗ്ദാനം ചെയ്യുന്നത്.

********************

## SABARIMALA

ശബരിമല - മാളികപ്പുറം മേൽശാന്തിമാരുടെ തിരഞ്ഞെടുപ്പ് സന്നിധാനത്ത് നടന്നു. തൃശൂർ ചാലക്കുടി ഏറന്നൂർ മനയിലെ പ്രസാദ് ഇ.ഡിയെ ശബരിമല മേൽശാന്തിയായും കൊല്ലം മയ്യനാട് മുട്ടത്തു മഠത്തിൽ മനു നമ്പൂതിരി എം.ജിയെ മാളികപ്പുറം മേൽശാന്തിയായും നറുക്കെടുപ്പിലൂടെ തിരഞ്ഞെടുത്തു.

********************

## CHENTHAMARA

പാലക്കാട് നെന്മാറ സജിത വധക്കേസിൽ പ്രതി ചെന്താമരയ്ക്ക് ഇരട്ട ജീവപര്യന്തവും 3,25,000 രൂപ പിഴയും. പാലക്കാട് ജില്ലാ അഡീഷണൽ സെഷൻസ് കോടതിയാണ് ശിക്ഷ വിധിച്ചത്. 2019 ഓഗസ്റ്റ് 31 ന് ആയിരുന്നു അയൽവാസിയായ സജിതയെ ചെന്താമര കൊലപ്പെടുത്തിയത്. ഈ കേസിൽ ജാമ്യത്തിലിറങ്ങിയ ഇയാൾ പിന്നീട് സജിതയുടെ ഭർത്താവിനേയും, അമ്മയേയും കൊലപ്പെടുത്തുകയായിരുന്നു.

********************

## BADMINTON

ഡെൻമാർക്ക് ഓപ്പൺ ബാഡ്മിന്റണിൽ, ഇന്ത്യൻ പുരുഷ ഡബിൾസ് ജോഡികളായ സാത്വിക് സായിരാജ് രങ്കി റെഡ്ഡിയും ചിരാഗ് ഷെട്ടിയും സെമിഫൈനലിൽ കടന്നു.

*

********

********************************